REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 09-12-2024 സമയം 12.30 pm

---

## പ്രധാന വാർത്തകൾ

- **പാർലമെന്റിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരു സഭകളും ഉച്ചവരെ നിർത്തി വെച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിലെ ജയ്പൂരിൽ റൈസിംഗ് രാജസ്ഥാൻ ആഗോള നിക്ഷേപക ഉച്ചകോടി ഉദ്ഘാടനം ചെയ്തു.**
- **മന്ത്രിമാരുടെ നേതൃത്വത്തിൽ കരുതലും കൈത്താങ്ങും താലൂക്ക് തല പരാതിപരിഹാര അദാലത്തുകൾക്ക് സംസ്ഥാനത്ത് തുടക്കമായി**
- **സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സമിതികളെയും മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് അഭിസംബോധന ചെയ്യും.**
- **ലോക ചെസ് ചാമ്പ്യൻഷിപ്പിൽ D ഗുകേഷ് മുന്നിൽ. 12-ാം ഗെയിം ഇന്ന് സിങ്കപ്പൂരിൽ.**

## വാർത്തകൾ വിശദമായി

പാർലമെന്റിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരു സഭകളും ഉച്ചവരെ നിർത്തി വെച്ചു. ചോദ്യോത്തരവേളയിൽ പ്രതിപക്ഷാംഗങ്ങൾ വിവിധ വിഷയങ്ങൾ ഉന്നയിച്ചതിനെ തുടർന്നാണ് സ്പീക്കർ ഓം ബിർള സഭ നിർത്തി വെച്ചത്. രാജ്യസഭയിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയ നോട്ടീസുകൾ സഭാധ്യക്ഷൻ നിരസിച്ചു. തുടർന്നും പ്രതിപക്ഷം മുദ്രാവാക്യം വിളിച്ചതിനെതുടർന്ന് ഉച്ചയ്ക്ക് 12 വരെ സഭ നിർത്തുകയായിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിലെ ജയ്പൂരിൽ റൈസിംഗ് രാജസ്ഥാൻ ആഗോള നിക്ഷേപക ഉച്ചകോടി ഉദ്ഘാടനം ചെയ്തു.

ജയ്പൂർ എക്സിബിഷൻ കൺവെൻഷൻ സെന്ററിലാണ് മൂന്നു ദിവസത്തെ ഉച്ചകോടി. ഇന്ത്യ ഉൾപ്പെടെ 32 രാജ്യങ്ങളിൽ നിന്ന് നിക്ഷേപകരടക്കം 5,000 ത്തോളം പേർ പങ്കെടുക്കും. ഉച്ച കഴിഞ്ഞ് ഹരിയാനയിലെ പാനിപ്പത്തിൽ ബീമസഖി യോജനയ്ക്ക് പ്രധാനമന്ത്രി തുടക്കം കുറിയ്ക്കും. പതിനെട്ടിനും എഴുപതിനും ഇടയിൽ പ്രായക്കാരായ മെട്രിക്കുലേഷൻ പാസ്സായ വനിതകൾക്കായാണ് പദ്ധതി രൂപകൽപ്പന ചെയ്തത്. കർണാലിലെ മഹാറാണാ പ്രതാപ് ഹോർട്ടികൾച്ചർ സർവകലാശാലയുടെ പ്രധാന ക്യാമ്പസ്സിന് നരേന്ദ്രമോദി തറക്കല്ലിടുകയും ചെയ്യും.

✪✪✪

മൂന്നു ദിവസത്തെ റഷ്യൻ സന്ദർശനത്തിന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് മോസ്കോയിലെത്തി. ഇന്ന് ഇന്ത്യൻ നാവികസേനയുടെ അത്യാധുനിക സ്റ്റെൽത്ത് മിസൈൽ, യുദ്ധക്കപ്പൽ INS തുശിൽ കലിനിൻ ഗ്രാഡിലെ യാൻദ്ര ഷിപ്-യാർഡിൽ അദ്ദേഹം കമ്മീഷൻ ചെയ്യും. നാവിക സേനാ മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠിയും കമ്മീഷനിംഗ് ചടങ്ങിൽ പങ്കെടുക്കും.

മോസ്കോയിൽ നാളെ രാജ്നാഥ് സിംഗും, റഷ്യൻ പ്രതിരോധ മന്ത്രി ആൻഡ്രി ബലോസോവും ഇന്ത്യ- റഷ്യ സൈനിക- സാങ്കേതിക കമ്മീഷന്റെ 21-ാം യോഗത്തിൽ അധ്യക്ഷ പദവി പങ്കിടും. രാജ്യരക്ഷാ രംഗത്ത് ഇരു രാജ്യങ്ങൾക്കുമിടയിലെ ബഹുമുഖ ബന്ധങ്ങൾ അവർ അവലോകനം ചെയ്യും.

✪✪✪

മന്ത്രിമാരുടെ നേതൃത്വത്തിൽ കരുതലും കൈത്താങ്ങും താലൂക്ക് തല പരാതിപരിഹാര അദാലത്തുകൾക്ക് സംസ്ഥാനത്ത് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം വഴുതക്കാട് ഗവണ്മെന്റ് വിമൻസ് കോളേജിൽ അദാലത്തുകൾ ഉദ്ഘാടനം ചെയ്തു.

ഇന്നു മുതൽ ജനുവരി 13 വരെയാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്.

✪✪✪

അദാലത്തുകളിൽ പരിഗണിക്കുന്ന വിഷയങ്ങൾ സമയബന്ധിതമായി തീർപ്പാക്കണമെന്നും, ഉദ്യോഗസ്ഥർ ഫയൽ ബോധപൂർവം താമസിപ്പിച്ച് വീഴ്ച വരുത്തിയാൽ അവർക്കെതിരെ കർക്കശ നടപടിയെടുക്കണമെന്നും മന്ത്രി P.

രാജീവ് പറഞ്ഞു. പത്തനംതിട്ട കോഴഞ്ചേരി താലൂക്ക് അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംശയത്തിന്റെ കണ്ണട മാറ്റിവെച്ച്, ചട്ടത്തിനും നിയമത്തിനും അനുസരിച്ച് സമയ ബന്ധിതമായി ഫയലുകൾ തീർപ്പാക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും കളക്ടർ ഇതിന്റെ അവലോകനം നടത്തണമെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷ ആയിരുന്നു.

✪✪✪

ജനങ്ങളുടെ പ്രശ്നം സാധ്യമായ രീതിയിൽ പരിഹരിച്ച് മുന്നോട്ട് പോവുന്നതാണ് ഗവൺമെന്റിന്റെ രീതിയെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു.

കോഴിക്കോട് താലൂക്ക്തല അദാലത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സാധാരണ മനുഷ്യരുടെ ജീവിതത്തിൽ ആശ്വാസമാവുന്ന ഏത് പ്രവർത്തനത്തിനും ഗവൺമെന്റ് ഒരുക്കമാണെന്ന് അദ്ദേഹം പറഞ്ഞു. മന്ത്രി AK. ശശീന്ദ്രനും അദാലത്തിൽ പങ്കെടുത്തു. ആകെ 923 പരാതികളാണ് അദാലത്തിന്റെ പരിഗണനയ്ക്കായി ജില്ലയിൽ നിന്ന് ഇതുവരെ ലഭിച്ചത്.

✪✪✪

കണ്ണൂർ ജില്ലയിലെ താലൂക്ക് അദാലത്തുകൾക്ക് തുടക്കമായി. മന്ത്രി OR കേളു ഉദ്ഘാടനം ചെയ്തു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മുഖ്യാതിഥിയായി.

തലശ്ശേരി താലൂക്ക് അദാലത്ത് നാളെ തലശ്ശേരി കോടിയേരി ബാലകൃഷ്ണൻ സ്മാരക മുനിസിപ്പൽ ടൗൺ ഹാളിലാണ്.

✪✪✪

സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സമിതികളെയും മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് അഭിസംബോധന ചെയ്യും. വൈകിട്ട് മൂന്നരയ്ക്ക് ഇതിനായി തദ്ദേശ സ്ഥാപനങ്ങളുടെ ഭരണ സമിതികൾ പ്രത്യേക യോഗം ചേരും.

മാർച്ച് 30 ഓടെ കേരളം, സമ്പൂർണ ശുചിത്വ പ്രഖ്യാപനം നടത്തും. അയൽക്കൂട്ടങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ, ഗ്രാമ - നഗര ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ ഹരിതസൗഹൃദമാക്കാനാണ് ലക്ഷ്യമിടുന്നത്.

രോഗികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരെ ഉൾക്കൊള്ളുന്ന APL/BPL ഭേദമില്ലാത്ത പരിചരണമാണ് പാലിയേറ്റീവ് പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. അടുത്ത നവംബർ ഒന്നിനകം സംസ്ഥാനത്തെ അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിക്കാനും ഗവൺമെന്റ് ലക്ഷ്യമിടുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രയാഗ്‌രാജ് സന്ദർശനത്തിന് മുന്നോടിയായി വെള്ളിയാഴ്ച മഹാ കുംഭ് മേളയുടെ ഒരുക്കങ്ങൾ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് വിലയിരുത്തും. കുംഭ് മേളക്ക് പ്രത്യേക ട്രെയിൻ സർവീസുകൾ അനുവദിച്ചതായും, റെയിൽ ഗതാഗതം നിരീക്ഷിക്കാൻ പ്രത്യേക മാസ്റ്റർ കൺട്രോൾ റൂം സജ്ജമാക്കിയതായും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

ഡൽഹിയിൽ കർഷക സമരത്തിനിടെ ദേശീയ സംസ്ഥാന പാതകളിൽ ഉണ്ടാക്കിയ തടസ്സങ്ങൾ ദേശീയ സുരക്ഷയ്ക്ക് ഭീഷണിയായതിനാൽ അടിയന്തരമായി തടസ്സങ്ങൾ നീക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി, സുപ്രീംകോടതി ഇന്ന് പരിഗണിച്ചേക്കും. ശംഭു അതിർത്തിയിലെ മുഴുവൻ നിയന്ത്രണങ്ങളും നീക്കി ജനങ്ങളുടേയും ചരക്കുകളുടേയും സുഗമമായ സഞ്ചാരം ഉറപ്പാക്കാൻ കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകളോട് നിർദേശിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി. ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബഞ്ചാണ് കേസ് പരിഗണിക്കുക.

✪✪✪

ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി INDIA സഖ്യത്തെ തകർക്കാൻ ശ്രമിക്കുകയാണെന്ന് CPI ജനറൽ സെക്രട്ടറി ഡി രാജ കുറ്റപ്പെടുത്തി. മമതയുടെ നീക്കം BJP യെ സഹായിക്കാനാണെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ മുന്നണിയ്ക്കകത്ത് തന്നെ പറയുകയാണ് വേണ്ടതെന്നും മമത അത്തരം മാർഗം സ്വീകരിക്കുന്നില്ലെന്നും രാജ അഭിപ്രായപ്പെട്ടു.

✪✪✪

ഇന്ത്യയുടെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശ്രദ്ധേയമായ വളർച്ച കൈവരിച്ചതായി റിപ്പോർട്ട്. DIGI LOCKER, DIKSHA, UPI തുടങ്ങി പ്രധാന പ്ലാറ്റ്ഫോമുകൾ ഡോക്യുമെന്റുകൾ സംഭരിക്കുന്നതിനും, പഠനം സുഗമമാക്കുന്നതിനും, സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

✪✪✪

വഖഫ് വിഷയത്തിൽ മുസ്ലീം ലീഗിൽ ആശയക്കുഴപ്പമില്ലെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ വ്യക്തമാക്കി. മുനമ്പത്തെ താമസക്കാരെ യാതൊരു കാരണവശാലും കുടിയൊഴിപ്പിക്കാൻ പാടില്ലെന്നാണ് മുസ്ലീം സംഘടനകളുടെ ഉറച്ച നിലപാടെന്നും അദ്ദേഹം

മലപ്പുറത്ത് പറഞ്ഞു. പ്രശ്നം പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് മുന്നിട്ടിറങ്ങണമെന്നും, വൈകുന്നത് BJP യടക്കം കക്ഷികൾക്കാണ് ഗുണം ചെയ്യുകയെന്നും അദ്ദേഹം അറിയിച്ചു. വിഷയത്തിൽ വിവാദങ്ങൾ പാടില്ലെന്നും പരസ്യപ്രതികരണം നേതാക്കൾ ഒഴിവാക്കുന്നതാണ് നല്ലതെന്നും അദ്ദേഹം നിർദേശിച്ചു.

✪✪✪

മുനമ്പം ഭൂമി വഖഫ് അല്ലെന്ന് മുസ്ലീം സംഘടകൾ പറഞ്ഞിട്ടില്ലെന്ന് മുസ്ലീം ലീഗ് ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി അഭിപ്രായപ്പെട്ടു. ഇതൊരു ചർച്ചയാക്കാത്തത് സമുദായിക സൗഹാർദ്ദം ആഗ്രഹിക്കുന്നതുകൊണ്ടാണെന്നും, ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് തീരുമാനം എടുക്കാൻ വൈകരുതെന്നും, മുതലെടുപ്പിന് വഴിയൊരുക്കരുതെന്നും അദ്ദേഹം മലപ്പുറത്ത് പറഞ്ഞു.

✪✪✪

വിഴിഞ്ഞം തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ക്ലോവർ ലീഫ് മോഡൽ നിർമ്മിതിക്ക് ദേശീയ പാത അതോറിറ്റി അനുമതി നൽകി. പദ്ധതി ഉടൻ നടപ്പാകുമെന്നാണ് സൂചന.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട് ...

......വോയ്സ്.....

വിഴിഞ്ഞം തുറമുഖത്തു നിന്ന് കണ്ടെയ്നറുകൾ റോഡ് റെയിൽ മാർഗ്ഗം കൊണ്ടുപോകുന്നതിനും വിവിധ ഭാഗങ്ങളിൽ നിന്ന് വിഴിഞ്ഞം വഴിയുള്ള ചരക്ക് നീക്കം സാധ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്

തുറമുഖ പദ്ധതി പ്രദേശത്ത് നിന്ന് ബാലരാമപുരം വരെ നീളുന്ന ഭൂഗർഭ റെയിൽപാതക്കും പാരിസ്ഥിതിക സാമൂഹ്യ ആഘാത പഠനങ്ങൾ പൂർത്തിയാക്കി അംഗീകാരം ആയിട്ടുണ്ട്.

തുറമുഖ പദ്ധതി പ്രദേശത്ത് നിന്ന് തിരുവനന്തപുരം-കന്യാകുമാരി ദേശീയ പാതയിലേക്കുള്ള കണക്റ്റിവിറ്റിയാണ് സർവീസ് റോഡ് കൊണ്ട് ലക്ഷ്യമിടുന്നത്. വിഴിഞ്ഞം-നാവായിക്കുളം റിംഗ് റോഡും സർവീസ് റോഡുമായി ബന്ധിപ്പിക്കുന്ന വിധത്തിലാണ് നിർമ്മിതി.

ദേശീയപാതയോട് ചേരുന്ന ഭാഗത്താണ് ഗതാഗതം സുഗമാക്കുന്നതിന് ക്ലോവർ ലീഫ് മാതൃകയിൽ നിർമ്മാണം നടത്തുന്നത്. തുറമുഖത്ത് നിന്നു ദേശീയ പാതയിലേക്കും റിംഗ് റോഡിലേക്കും പലവഴി ഗതാഗതം സുഗമമാക്കുന്നതാണ്

ഈ മോഡൽ. കൊങ്കൺ റെയിൽ നൽകിയ പ്ലാനാണ് ഭൂഗർഭ റെയിൽപാതക്ക് ഏറെ അനുയോജ്യമെന്ന് കണ്ടെത്തിയാണ് തുടർ നടപടി.

✪✪✪

ലോക ചെസ് ചാമ്പ്യൻഷിപ്പിലെ 12-ാം ഗെയിം ഉച്ചയ്ക്ക് രണ്ടരയ്ക്ക് സിങ്കപ്പൂരിൽ. 11-ാം ഗെയിം ജയിച്ച് ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ D.ഗുകേഷ് ആറ് പോയിന്റുമായി നിലവിൽ ചാമ്പ്യനായ ചൈനയുടെ ഡിങ് ലിറനെ പിന്നിലാക്കി. ഒന്നര പോയിന്റു കൂടി നേടിയാൽ ഗുകേഷിന് ലോകത്തെ ഏറ്റവും പ്രായം കുറഞ്ഞ ലോക ചാമ്പ്യൻ എന്ന ബഹുമതി സ്വന്തമാക്കാം.

✪✪✪

അഡ്മിറൽ കപ്പ് പതിമൂന്നാമത് അന്താരാഷ്ട്ര പായ് വഞ്ചിയോട്ട മത്സരത്തിന് നാളെ തുടക്കമാവും. മത്സരത്തിന്റ ഔപചാരിക ഉദ്ഘാടനം വൈകിട്ടാണ്. വിവിധ രാജ്യങ്ങളിൽ നിന്ന് ടീമംഗങ്ങൾ ഏഴിമല നാവിക അക്കാദമിയിൽ എത്തി തുടങ്ങി.

✪✪✪

ഗോഹട്ടി മാസ്റ്റേഴ്സ് സൂപ്പർ ബാഡ്മിന്റണിൽ ഇന്ത്യൻ താരങ്ങളായ അശ്വിനി പൊന്നപ്പയും, തനിഷ ക്രാസ്റ്റോയും വനിതാ ഡബിൾസ് കിരീടം നിലനിർത്തി. ചൈനീസ് സഖ്യത്തെയാണ് അവർ തോൽപ്പിച്ചത്.

പുരുഷ സിംഗിൾസിൽ സതീഷ് കുമാർ കരുണാകരൻ, ചൈനയുടെ ഷു ഷുവാൻ ചെനിനെ തോൽപ്പിച്ച് രണ്ടാം സൂപ്പർ 100 കിരീടം ഉറപ്പിച്ചു.

✪✪✪

കോഴിക്കോട് ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് സംഘാടക സമിതി ഓഫീസ് വൈകീട്ട് മന്ത്രി A K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. മന്ത്രി P A മുഹമ്മദ് റിയാസ് ചടങ്ങിൽ പങ്കെടുക്കും. ബേപ്പൂർ മറീനാ ബീച്ചും പരിസരവുമാണ് ഫെസ്റ്റിന്റെ വേദി. ചാലിയം തീരവും, ഫറോക്ക് നല്ലൂർ നായനാർ സ്റ്റേഡിയവും ഇത്തവണ ഫെസ്റ്റ് വേദികളാവും. ഈ മാസം 27,28,29 തീയ്യതികളിലാണ് വാട്ടർഫെസ്റ്റ്.

✪✪✪

സമസ്തയുടെ ഇരുവിഭാഗങ്ങൾക്കിടിയിലെ തർക്കം പരിഹരിക്കാൻ മലപ്പുറത്ത് അനുരഞ്ജന നീക്കങ്ങൾ തുടങ്ങി.

മുസ്ലിം ലീഗാണ് ഒത്തു തീർപ്പിന് മുൻകൈ എടുക്കുന്നത്. വൈകീട്ടത്തെ സമവായ ചർച്ചയിൽനിന്ന് ലീഗ് വിരുദ്ധ വിഭാഗം പിന്മാറി. ഹമീദ് ഫൈസി

അമ്പലക്കടവ് നേതൃത്വം നൽകുന്ന വിഭാഗമാണ് ചർച്ചയിൽനിന്ന് പിൻവാങ്ങിയത്. 11ന് ചേരുന്ന സമസ്ത മുശാവറയ്ക്ക് ശേഷം മതി രാഷ്ട്രീയ നേതൃത്വവുമായി ചർച്ച എന്നാണ് ഇവരുടെ വാദം.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന്റെ ആറാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഇന്ന് വിമാനത്താവളത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും.

വിമാനത്താവള സന്ദർശക ഗാലറിയിൽ പ്രവേശന ഫീസിൽ ഇളവ് നൽകിയിട്ടുണ്ട്.

എയർ ഇന്ത്യ എക്സ്പ്രസ് അന്താരാഷ്ട്ര സർവീസുകൾക്ക് ഇന്ന് ടിക്കറ്റിന് 15 ശതമാനം ഇളവും പ്രഖ്യാപിച്ചിട്ടുണ്ട്

✪✪✪

BJP കോർകമ്മിറ്റിയോഗം കൊച്ചിയിൽ തുടങ്ങി. പാലക്കാട്ടെ ഉപതിരഞ്ഞെടുപ്പ് പരാജയം ഉൾപ്പെടെ വിഷയങ്ങൾ കമ്മറ്റിയിൽ ചർച്ചയായേക്കും. തദ്ദേശ തിരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പുകളും കോർകമ്മിറ്റിയിൽ ചർച്ച ചെയ്യുമെന്നാണ് റിപ്പോർട്ട്. സംസ്ഥാന പ്രഭാരി പ്രകാശ് ജാവ്-ദേക്കറിന്റെ സാന്നിധ്യത്തിലാണ് കോർകമ്മിറ്റി ചേരുന്നത്.

✪✪✪